**(Information Sheet)**

TMA Lecture on
**Recent Initiatives in IT & E-Governance in Kerala**
by
**Sh. P K Kunhalikutty,** Minister for Industries & IT
at 06.00 PM on Tuesday, 29 January 2013
in Hotel Residency Tower, near Government Secretariat, Trivandrum

**വിവര സാങ്കേതിക വിദ്യ കേരളത്തിൽ : ഒരു തിരിഞ്ഞുനോട്ടം**

രണ്ടു ദശകങ്ങൾക്കു മുൻപ് ടെക്നോപാർക്ക് സ്ഥാപിച്ചുകൊണ്ട് കേരളം ലോക ഐ ടി ഭൂപടത്തിൽ സംസ്ഥാനത്തിന്റെ എളിയ സാന്നിദ്ധ്യം അറിയിക്കുകയുണ്ടായി. ടെക്നോപാർക്കിന്റെ വിജയത്തെതുടർന്ന് 2003ൽ കൊച്ചിയിൽ ഇൻഫോപാർക്കും പിന്നാലെ കോഴിക്കോട് സൈബർപാർക്കും നിലവിൽ വന്നു.

ഇന്ന് സംസ്ഥാനത്ത് 600ൽപ്പരം ചെറുകിട, ഇടത്തരം, വൻകിട ഐ ടി കമ്പനികളിലായി 80,000ൽപ്പരം ജീവനക്കാർ നേരിട്ടും മൂന്നിരട്ടിയിലധികം പേർ അല്ലാതെയും ബന്ധപ്പെട്ടിരിക്കുന്നു.

**കേരള ഐ ടി വിഷൻ 2020 :**

ഐ ടി മേഖലയിലെ വരും കാല വികസനം കൂടി കണക്കിലെടുത്ത് തികഞ്ഞ ദീർഘവീക്ഷണത്തോടെ രൂപം കൊടുത്തിരിക്കുന്ന കേരള ഐ ടി വിഷൻ 2020 ലക്ഷ്യമിടുന്നത് ഇവയാണ്.

- രാജ്യത്തിന്റെ ഐ ടി വിപണിയുടെ 5%
- ഐ ടി, അനുബന്ധ, ഇ ഗവേർണൻസ് മേഖലകളിലായി 5 ലക്ഷം തൊഴിലവസരങ്ങൾ
- 50 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ

പ്രസ്തുത ലക്ഷ്യം യാഥാർത്ഥ്യമാകുന്നതിന് സംസ്ഥാനത്തെ മൂന്ന് ഐ ടി പാർക്കുകൾ, സ്മാർട്ട് സിറ്റി, സ്വകാര്യ ഐ ടി പാർക്കുകൾ എന്നിവയുടെ സഹകരണത്തോടെ 1000 ഏക്കർ സ്ഥലം വികസിപ്പിക്കേണ്ടതുണ്ട്. ഇതിനായി സ്വകാര്യ ഐ ടി പാർക്കുകളെ പ്രോത്സാഹിപ്പിക്കുന്നതിനും പാർക്കുകൾക്കു സമീപത്തായി ഐ ടി ടൗൺഷിപ്പുകൾ വികസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾക്ക് സംസ്ഥാന ഐ ടി നയത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്.

ഐ ടി രംഗത്തെ അടിസ്ഥാന സൗകര്യവികസനം സുസ്ഥിരമാക്കുന്നതിൽ കേരളം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നിലാണ്. ഐ ടി വികസനത്തിന്റെ മെച്ചം സാധാരണക്കാരിലെത്തിക്കുന്നതിലും കേരളം ഏറെ മുന്നോട്ടുപോയിരിക്കുന്നു.

100% ഡിജിറ്റൽ സംസ്ഥാനമെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള വിപുലമായ കർമ്മപദ്ധതികൾ നടന്നുവരുകയാണ്. വിവിധ ഇലക്ട്രോണിക് സേവനങ്ങൾ, അടിസ്ഥാനസൗകര്യങ്ങളുടേയും നിക്ഷേപങ്ങളുടേയും ഏകോപനം എന്നിവ യാഥാർത്ഥ്യമാക്കിക്കൊണ്ട് കേരളം വിവരസാങ്കേതിക വിദ്യ വ്യാപനത്തിൽ ദീർഘ വീക്ഷണത്തോടെ മുന്നേറുകയാണ്.

രാജ്യത്തെ പ്രഥമ ഡാറ്റാസെന്റർ, വ്യാപകമായ കണക്ടിവിറ്റി യാഥാർത്ഥ്യമാക്കുന്ന കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (കെസ്വാൻ), പൊതുജന സേവന കേന്ദ്രങ്ങളായ അക്ഷയ തുടങ്ങിയവ യാഥാർത്ഥ്യമാക്കിക്കൊണ്ട് ഇ ഗവേർണൻസ് രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾക്കായി കേരളം ഏറെ നിക്ഷേപം നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ ഐ ടി അടിസ്ഥാനസൗകര്യ വികസന രംഗത്തു നടത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് സർക്കാരും ജനങ്ങളും തമ്മിലും തിരിച്ചും ജനങ്ങളും വാണിജ്യ, വ്യാപാരി സമൂഹങ്ങൾ തമ്മിലും സുതാര്യവും സുഗമമായും നേരിട്ടു ബന്ധിപ്പിക്കുന്നതിനുമുള്ള കഠിന പ്രയത്നത്തിലാണ് ഐടി വകുപ്പ് ഇപ്പോൾ മുന്തിയ പരിഗണന നൽകുന്നത്.

ഇതിനാവശ്യമായ നെറ്റ്‌വർക്ക് കണക്ടിവിറ്റി, ഡാറ്റാ സെന്ററുകൾ, സേവനകേന്ദ്രങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും സർവ്വീസ് ഡെലിവറി ഗേറ്റ്‌വേകൾ, പോർട്ടലുകൾ എന്നിവയും സുതാര്യത, കാര്യക്ഷമത, സുരക്ഷ മുതലായവ ഉറപ്പാക്കുന്ന പൊതുവായ ആപ്ലിക്കേഷനുകളും സംസ്ഥാനത്ത് യഥാർത്ഥ്യമായി ക്കൊണ്ടിരിക്കുന്നു.

## സർക്കാർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഇന്റർനെറ്റ് അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങളിൽ പ്രധാനപ്പെട്ടവ ഇവയാണ്.

- **കെസ്വാൻ:** എല്ലാ സർക്കാരോഫീസുകളേയും സ്റ്റേറ്റ് ഡാറ്റാസെന്ററുമായി ബന്ധിപ്പിക്കുന്ന കെസ്വാൻ പദ്ധതി പ്രകാരം സംസ്ഥാനത്തെ 3000ൽപ്പരം സർക്കാരോഫീസുകൾ സംസ്ഥാന ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കപ്പെട്ടു കഴിഞ്ഞു.
- **ഡാറ്റാ സെന്ററുകൾ:** സർക്കാർ പ്രവർത്തനവുമായി ബന്ധപ്പെട്ട രേഖകളും ഫയലുകളും കത്തിടപാടുകളും ഡിജിറ്റൽ രൂപത്തിൽ നിർദ്ദിഷ്ട സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പാക്കി സൂക്ഷിക്കപ്പെടുന്ന രണ്ട് സംസ്ഥാന ഡാറ്റാ സെന്ററുകൾ പ്രവർത്തനസജ്ജമാണ്.
- **പൊതുജനസേവന കേന്ദ്രങ്ങൾ:** അക്ഷയ എന്ന പേരിൽ ജനങ്ങളും സർക്കാരും തമ്മിൽ നേരിട്ടും വകുപ്പുകൾ തമ്മിലും സഹകരിച്ചു പ്രവർത്തിക്കുന്ന പൊതുജനസേവന കേന്ദ്രങ്ങൾ വിവിധ സർക്കാർ സേവനങ്ങൾ ഓൺലൈനിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. പഞ്ചായത്തുകളിലടക്കം സംസ്ഥാനത്തൊട്ടാകെ 2000ൽപ്പരം അക്ഷയ കേന്ദ്രങ്ങളുണ്ട്.
- **ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ:** വിവിധ സർക്കാർ സ്ഥാപനങ്ങളിലേക്കു കരമായും ഫീസിനത്തിലും ഒടുക്കേണ്ടുന്ന പണമടക്കുന്നതിനായി എല്ലാ ജില്ലാ

ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ നിത്യകാഴ്ചകളിലൊന്നായ ക്യൂ സംവിധാനം ഒഴിവാക്കി കാര്യക്ഷമമായ സേവനം ഉറപ്പുവരുത്തുന്നു.

- **സർവ്വീസ് ഡെലിവറി പ്ലാറ്റ്ഫോമുകൾ:** നിരവധി ജനങ്ങളും ഉദ്യോഗസ്ഥരും ഒരേസമയം പങ്കിടുന്ന, പൊതുവായ ഒട്ടേറ സർവ്വീസ് ഡെലിവറി പ്ലാറ്റ്ഫോമുകൾ സംസ്ഥാനത്തു പ്രവർത്തിച്ചുവരുന്നുണ്ട്. സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്വേകൾ, വിവിധ സർട്ടിഫിക്കറ്റുകളും മറ്റു സർക്കാർ സേവനങ്ങളും അധികാരികളുടെ ഡിജിറ്റൽ ഒപ്പോടുകൂടി അപേക്ഷകനു നൽകുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതി, ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷകളും പരാതികളും നൽകുന്നതിനും അവയുടെ തൽസ്ഥിതി നേരിട്ടു പരിശോധിക്കുന്നതിനുമുള്ള ഇൻഫർമേഷൻ ആന്റ് ഡാറ്റാ എക്സ്ചേഞ്ച് അഡ്വാൻസ്ഡ് സിസ്റ്റം (ഐഡിയാസ്) എന്നിവയാണ് ഇതിൽ പ്രധാനപ്പെട്ടവ. ഇവയെല്ലാം തന്നെ നിർദ്ദിഷ്ട സുരക്ഷാ മാനദണ്ഡങ്ങളും തികഞ്ഞ ആധികാരികതയും ഒപ്പം വ്യക്തി സ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്നവയുമാണ്.
- **ഡിഡിഎഫ്എസ്:** വിവിധ സർക്കാരോഫീസുകളിലെ ഫയലുകളും കത്തിടപാടുകളും ഡിജിറ്റൽ രൂപത്തിലാക്കി സംരക്ഷിക്കുന്ന ഡിജിറ്റൽ വെബ് അധിഷ്ഠിത ഡോക്യുമെന്റ് ഫയലിംഗ് സംവിധാന (ഡിഡിഎഫ്എസ്)ത്തിലൂടെ സർക്കാരോഫീസുകളിലെ ഫയൽ നീക്കങ്ങൾ സുതാര്യവും കാര്യക്ഷമ മാക്കുന്നതിനും ഫയലിന്റെ പുരോഗതി ബന്ധപ്പെട്ടവർക്ക് ഏതു സമയവും നിരീക്ഷിക്കുന്നതിനുമുള്ള സൗകര്യമാണ് ഒരുക്കിയിരിക്കുന്നത്. ഐടി മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ഡിഡിഎഫ്എസ് സംവിധാനത്തിലൂടെ സമ്പൂർണ്ണ കടലാസ് രഹിത സർക്കാരോഫീസുകളെന്ന സ്വപ്നം അതിവേഗം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു.

## സിറ്റിസൺ കോൾ സെന്റർ

കേരള ഐടി മിഷനു കീഴിൽ അവധിദിവസങ്ങളിലടക്കം 24 മണിക്കൂറും പ്രവർത്തിക്കുന്ന സിറ്റിസൺ കോൾസെന്ററിലൂടെ വിവിധ സർക്കാർ സേവനങ്ങളും നടപടിക്രമങ്ങളും സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ ഒരു ടെലിഫോൺ കോളിലൂടെ അറിയാൻ കഴിയും. വിദേശ മലയാളികളിൽ നിന്നുമടക്കം 2012 കലണ്ടർ വർഷത്തിൽ മാത്രം 6.5 ലക്ഷത്തിലധികം കോളുകളാണ് സിറ്റിസൺ കോൾ സെന്റർ കൈകാര്യം ചെയ്തത്.

## സർക്കാർ സേവനങ്ങളുടെ സുതാര്യത

കാര്യക്ഷമതക്കൊപ്പം വിവിധ സർക്കാർ സേവനങ്ങളുടെ സുതാര്യതയും ഉറപ്പുവരുത്തുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനായി ഐ ടി വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ കൊടുത്തിരിക്കുന്നു:

**ഇ-ഡിസ്ട്രിക്ട് പദ്ധതി**: വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള പൊതുജനസേവന (അക്ഷയ) കേന്ദ്രങ്ങൾവഴി ഓൺലൈനായി ലഭ്യമാക്കുന്നതാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. സാങ്കേതിക രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ സാധാരണജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ദേശീയ ഇ-ഗവേണൻസ് (NeGP) പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി രാജ്യത്തെ 35 ജില്ലകളെ ഇ-ഡിസ്ട്രിക്റ്റുകൾ ആയി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. 11 ലക്ഷത്തിൽപ്പരം ഓൺലൈൻ അപേക്ഷകളിന്മേൽ ഇതിനോടകം തീരുമാനമെടുത്ത് ഡിജിറ്റൽ ഒപ്പോടുകൂടി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തുകഴിഞ്ഞു. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയും കേരളത്തിലാകമാനം വ്യാപിപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിലും സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇ-ഗവേണൻസ് സൊസൈറ്റി (DeGS) കൾ രൂപീകൃതമായിട്ടുണ്ട്. കേന്ദ്ര ഐ ടി വകുപ്പിന്റെ മാർക്ഷനിർദ്ദേശങ്ങൾ (DIT Guidelines) പ്രകാരമാണ് ഇവ രൂപീകരിച്ചിരിക്കുന്നത്. ജില്ലകളിൽ അതാത് ജില്ലാ കളക്ടർമാർ ചെയർമാനായി രൂപീകൃതമായിട്ടുള്ള ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി (DeGS)കളുടെ മേൽനോട്ടത്തിലാകും പദ്ധതി നടപ്പിലാക്കുന്നത്.

ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഓൺലൈനായി പൊതുജനങ്ങൾക്കു ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ എല്ലാം തന്നെ ഡിജിറ്റൽ ഒപ്പോടുകൂടിയാണ് നൽകുന്നത്. ഇത്തരത്തിൽ നൽകിവരുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികതയും ഔദ്യോഗിക അംഗീകാരവും ഉറപ്പുവരുത്തുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒൻപതു സർക്കാർ വകുപ്പുകളിലെ നാൽപ്പത്തിയാറ് സേവനങ്ങളാണ് പൈലറ്റ് ജില്ലകളിൽ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നത്. അവയിൽ റവന്യൂ വകുപ്പിന്റെ 23 സർട്ടിഫിക്കറ്റ് സേവനങ്ങളാണ് ഇപ്പോൾ ലഭ്യമാകുന്നത്.

ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ അനുബന്ധ രേഖകളായി മറ്റു തിരിച്ചറിയൽ രേഖകൾ (എസ് എസ് എൽ സി, ഡ്രൈവിംഗ് ലൈസൻസ്, റേഷൻ കാർഡ്, പാൻ കാർഡ്, വോട്ടർ ഐഡി കാർഡ്) മുതലായവ സ്കാൻ ചെയ്ത് നൽകുന്നതിലൂടെ ഇതിന്റെ സുതാര്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. അവിടെ നിന്നും അപേക്ഷകൾ അക്ഷയകേന്ദ്രങ്ങൾ അതാതു വില്ലേജ് ഓഫീസർക്ക് ഓൺലൈനായി അയച്ചുകൊടുക്കുന്നു. എസ് എസ് എൽ സി, ഡ്രൈവിംഗ് ലൈസൻസ്, റേഷൻ കാർഡ്, പാൻ കാർഡ്, വോട്ടർ ഐ ഡി കാർഡ് എന്നീ രേഖകളുമായി സഹായത്തോടുകൂടി വില്ലേജ് ഓഫീസർ അപേക്ഷ പരിശോധിച്ചതിനുശേഷം താലൂക്ക് ഓഫീസർക്ക് പരിശോധനക്കായി അയച്ചുകൊടുക്കുന്നു. പരിശോധനക്കു ശേഷം താലൂക്ക് ഓഫീസർ ഡിജിറ്റൽ ഒപ്പുപയോഗിച്ച് സർട്ടിഫിക്കറ്റിന് അംഗീകാരം നൽകി അതാത് അക്ഷയ സെന്ററിന് തിരികെ നൽകുകയും ചെയ്യുന്നു.

- **ഇ സംഭരണം:** 25 ലക്ഷം രൂപക്കുമേലുള്ള കരാർ /പർച്ചേയ്സുകൾക്ക് ഇ-സംഭരണമേർപ്പെടുത്തിയിട്ടുണ്ട്. വിപുലമായ കരാറിടപാടുകളും പർച്ചേസുകളുമുള്ള വകുപ്പുകളിലും സർക്കാർ സ്ഥാപനങ്ങളിലും തികച്ചും സുതാര്യവും കുറ്റമറ്റതുമായ രീതിയിൽ ഇ-സംഭരണ പ്രക്രിയ തുടങ്ങിക്കഴിഞ്ഞു. മറ്റുവകുപ്പുകളിലേക്കും ഇ-സംഭരണം ക്രമാനുഗതമായി വ്യാപിപ്പിക്കും.

- **ഡിജിറ്റൽ വർക്ക്ഫ്ളോ ആന്റ് ഫയൽ ട്രാക്കിംഗ്** : പൊതുജനങ്ങൾ അധികാരികൾക്കു സമർപ്പിക്കുന്ന അപേക്ഷകളുടേയും പരാതികളുടേയും മേൽനടപടികളുടെ തൽസ്ഥിതി ഓൺലൈനായി നേരിട്ടു പരിശോധിക്കാവുന്ന ഡിജിറ്റൽ വർക്ക്ഫ്ളോ ആന്റ് ഫയൽ ട്രാക്കിംഗ് സംവിധാനം ഐടി മിഷൻ ഏർപ്പെടുത്തിയിട്ടുണ്ട്.
- **കമ്പ്യൂട്ടർ എമർജൻസി ആന്റ് റെസ്പോൺസ് ടീം**: സർക്കാർ ഫയലു കളുടേയും ഡിജിറ്റൽ കത്തിടപാടുകളുടേയും സുരക്ഷയും സ്വകാര്യതയും ഉറപ്പുവരുത്തുന്നതിനായി ഐ ടി മിഷൻ രൂപം കൊടുത്ത കമ്പ്യൂട്ടർ എമർജൻസി ആന്റ് റെസ്പോൺസ് ടീം (സെർട്ട്-കെ)ഗവൺമെന്റ് വെബ് സൈറ്റുകൾ അടക്കം എല്ലാ സർക്കാർ ആപ്ലിക്കേഷനുകളുടേയും സുരക്ഷ ഉറപ്പാക്കുന്നു.
- **സ്പാർക്ക്**: സർക്കാർ ജീവനക്കാരുടെ സേവനം, വേതനം എന്നിവ സംബന്ധിച്ച സ്ഥിതിവിവരക്കണക്കും വിശദാംശങ്ങളും വെബ് അധിഷ്ഠിതമായ സ്പാർക്ക് (സർവ്വീസ് ആന്റ് പേറോൾ അഡ്മിനിസ്ട്രേറ്റിവ് റെപ്പോസിറ്ററി,കേരള) സംവിധാനത്തിലൂടെ ആക്കിയിട്ടുണ്ട്. നാലരലക്ഷത്തിലധികം സർക്കാർ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ ഇതുവഴി കൈകാര്യം ചെയ്യപ്പെടുന്നു.
- **മൊബൈൽ ഗവേർണൻസ്** : സർക്കാർ സേവനങ്ങളുടെ കാര്യക്ഷമതയിൽ വൻ പുരോഗതി വരുത്തിയ ഇ-ഗവേർണൻസ് സംവിധാനം ഇന്ന് ഒരുപടികൂടി കടന്ന് മൊബൈൽ അധിഷ്ഠിതമായിരിക്കുന്നു. സാധാരണക്കാരിലടക്കം മൊബൈൽ ഫോണുകൾ പ്രചുരപ്രചാരം നേടിയ കേരളത്തിൽ മൊബൈൽ അധിഷ്ഠിത സർക്കാർ (എം ഗവേർണൻസ്) സേവനങ്ങളുടെ പ്രസക്തി ഏറെയാണ്. ഈ യാഥാർത്ഥ്യം മുൻകൂട്ടി അറിഞ്ഞുകൊണ്ടാണ് ഐടി വകുപ്പ് ഇ-ഗവേർണൻസ് പദ്ധതിക്കൊപ്പം എം ഗവേർണൻസിനും പ്രാധാന്യം നൽകിവരുന്നത്.
- **പൊതു മെയിൽ സേവനം** : സർക്കാർ ജീവനക്കാർ തമ്മിൽ സുഗമവും സുതാര്യവുമായ ആശയവിനിമയം ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ഇന്റർനെറ്റ് മേൽവിലാസവും ഇമെയിൽ ഐഡിയും നൽകിക്കഴിഞ്ഞു.
- **ആധാർ അധിഷ്ഠിത സേവനങ്ങൾ**: നടപ്പു (2012-13) സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ സംസ്ഥാനത്തെ എല്ലാ പൗരന്മാരേയും ആധാർ രജിസ്ട്രേഷനു കീഴിൽ കൊണ്ടുവരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. വിവിധ സർക്കാർ സേവനങ്ങളും ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങളുമെല്ലാം ആധാർ അധിഷ്ഠിതമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പ്രാരംഭഘട്ടത്തിൽ ക്ഷേമപദ്ധതി ആനുകൂല്യങ്ങളും തുടർന്ന് രാജീവ് ആവാസ് യോജന, പൊതുവിതരണ സമ്പ്രദായം, ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, പാചകവാതക സബ്സിഡി തുടങ്ങിയവയെല്ലാം ഘട്ടംഘട്ടമായി ആധാർ അധിഷ്ഠിതമാക്കും.

കാലക്രമത്തിൽ സർക്കാരുമായുള്ള സർവ്വമാന എഴുത്തുകുത്തുകളും തിരിച്ചുള്ള സേവനങ്ങളും ഇന്റർനെറ്റ് അധിഷ്ഠിതമാക്കുക വഴി കാര്യക്ഷമതയും

ഉത്തരവാദിത്വബോധവും സുതാര്യതയും ഉറപ്പുവരുത്തുന്നതിൽ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ വേഗം ഇത് യാഥാർത്ഥ്യമാകുന്നതിനാണ് ഐ ടി വകുപ്പ് ശ്രമിക്കുന്നത്.

### ഭാവിപരിപാടികൾ

സർക്കാർ സേവനങ്ങൾ പൂർണ്ണമായും ഇലക്ട്രോണിക് ഡെലിവറി സംവിധാത്തിലേക്ക് മാറുകയെന്ന ബൃഹത്തായ ലക്ഷ്യമാണ് സംസ്ഥാനത്ത് പൂർത്തിയാകേണ്ടത്. സർക്കാർ സംവിധാനങ്ങളിൽ ജനങ്ങൾക്കുള്ള മതിപ്പും വിശ്വാസവും ഊട്ടിയുറപ്പിക്കുന്നതിന് ഇതിലൂടെ സാധിക്കും. ഇതിനായി സംസ്ഥാന സർക്കാർ വിവരസാങ്കേതിക മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ചിലത് ഇവയാണ്:

- **ഇൻസൈറ്റ്** : സാമൂഹിക ക്ഷേമം മുൻനിർത്തി സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് കാഴ്ചശക്തി കുറഞ്ഞവർക്കും ഇൻഫർമേഷൻ ടെക്നോളജിയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനു സഹായകമായ ഇൻസൈറ്റ്.
- **മലയാളം കമ്പ്യൂട്ടിംഗ്:** ഭരണഭാഷ മലയാളമായ കേരളത്തിൽ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റുകളും പോർട്ടലുകളും മലയാളത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിയാണിത്. ഡിജിറ്റൽ മാദ്ധ്യമങ്ങളിലൂടെ ഉദ്യോഗസ്ഥർ മലയാളം ലിപിയും ഭാഷയും കൂടുതലായി ഉപയോഗപ്പെടുത്തുന്നതിനും സാധാരണ ജനങ്ങൾക്ക് ഭരണസംവിധാനത്തിന്റെ നേട്ടങ്ങൾ കൂടുതലായി നേരിട്ടു ലഭ്യമാക്കുന്നതിനും ഇതിലൂടെ സാധിക്കും.
- **എല്ലാവർക്കും ഇമെയിൽ:** സംസ്ഥാന സർക്കാരും ജനങ്ങളുമായി വ്യക്തിപരമായി നേരിട്ടു സംവദിക്കുന്നതിനായി വ്യക്തിഗത ഇ-മെയിൽ വിലാസം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ആധാർ അധിഷ്ഠിതമായി നൽകാനുദ്ദേശിക്കുന്ന ഇത്തരം മൂന്നുകോടിയിൽപ്പരം വ്യക്തിഗത ഇമെയിൽ കൈകാര്യം ചെയ്യുന്നതിനാവശ്യമായ അനുബന്ധ, അടിസ്ഥാന സൗകര്യങ്ങൾ യാഥാർത്ഥ്യമാകേണ്ടതുണ്ട്.
- **ഐ ടി ഹാബിറ്റാറ്റ് സെന്റർ:** ഐ ടി, അനുബന്ധ പരിശീലന കേന്ദ്രമെന്ന നിലക്ക് 2003ൽ സംസ്ഥാന ഐ ടി മിഷൻ ഒരു ഐ ടി ഹാബിറ്റാറ്റ് സെന്റർ സ്ഥാപിക്കുകയുണ്ടായി. കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം കോംപ്ലക്സിലാണ് ഇതു പ്രവർത്തിക്കുന്നത്. നിലവിലുള്ള 14763 ചതുരശ്രയടി സ്ഥലത്ത് 50 ഇടത്തരം, ചെറുകിട ഐ ടി കമ്പനികൾ പ്രവർത്തിച്ചുവരുന്നു. താമസിയാതെ 11082 ചതുരശ്രയടി സ്ഥലം കൂടി ഇതോടൊപ്പം കൂട്ടിച്ചേർക്കപ്പെടും

### പുരസ്ക്കാരങ്ങളും ബഹുമതികളും

വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഇ-ഗവേർണൻസ് രംഗത്ത് കാര്യക്ഷമമായും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായും നടപ്പിലാക്കിയതിന് രണ്ടു ദേശീയ പുരസ്ക്കാരങ്ങൾ കഴിഞ്ഞ ഒരു മാസത്തിനിടയിൽ കേരളത്തിനു ലഭിക്കുകയുണ്ടായി.
**ഇ വേൾഡ് ജൂറി ചോയ്സ് അവാർഡ്:** റോഡ് ഗതാഗതം നിയന്ത്രിക്കുന്നതിന് കേരള സംസ്ഥാന ഐ ടി മിഷൻ രൂപം കൊടുത്ത് മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കി വരുന്ന ''ഇന്റലിജന്റ്'' സംവിധാനത്തിന് ദേശീയ അംഗീകാരം. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പൊതുജനങ്ങളുടെ സുരക്ഷിതത്വത്തിനും, ദുരന്ത നിവാരണനത്തിനും വേണ്ടി

ഉപയോഗപ്പെടുത്തിയതിനുള്ള ഇ വേൾഡ് ജൂറി ചോയ്സ് പുരസ്ക്കാരമാണ് ഇത്തവണ കേരളത്തെ തേടിയെത്തിയത്. ജൂൺ 15, 16 തീയതികളിൽ ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ വച്ച് ഇ വേൾഡ് ജൂറി ചോയ്സ് പുരസ്ക്കാരം സംസ്ഥാന ഐ ടി മിഷനു വേണ്ടി മിഷൻ കോ-ഓഡിനേറ്റർ കെ. ശബരീഷ് ഏറ്റുവാങ്ങി.

സർക്കാരിന്റെ പ്രവർത്തനങ്ങളിൽ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ 'സ്മാർട്ട് ഗവേർണൻസ്' നടപ്പിൽ വരുത്തിയതിനുള്ള ഇ ഇന്ത്യ പുരസ്ക്കാരം നവംബർ 15 ന് ഹൈദരാബാദിൽ നടന്ന ഇ ഇന്ത്യ സമ്മേളനത്തിൽ ആന്ധ്രപ്രദേശ് വിവര സാങ്കേതിക വകുപ്പ് മന്ത്രി ശ്രീ. പൊന്നല ലക്ഷ്മയ്യ സംസ്ഥാന ഐടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. പി.എച്ച് കുര്യന് സമ്മാനിച്ചു.

ഇ-ഡിസ്ട്രിക്റ്റ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ട് വിവര സാങ്കേതിക വിദ്യയുടെ നേട്ടം സാധാരണക്കാർക്കും പ്രാപ്യമാക്കിയതിനുള്ള അംഗീകാരമായി കമ്പ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യയുടെ സി എസ് ഐ - നിഹിലന്റ് ഇ ഗവേർണൻസ് പുരസ്ക്കാരം ഡിസംബർ 2 ന് കേരളത്തിനു ലഭിച്ചു. കേന്ദ്ര ഐ ടി വകുപ്പിന്റെ ഇ ഗവേർണൻസ് വിഭാഗം ജോയിന്റ് സെക്രട്ടറി ശ്രീ. അജയ് സാഹ്നി അദ്ധ്യക്ഷനും ബിർല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് സയൻസ് (പിലാനി) പ്രൊഫസർ ശ്രീ.അശോക് അഗർവാൾ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ശ്രീ.മഹേഷ് ചന്ദ്ര തുടങ്ങിയ 21 വിവരസാങ്കേതിക വിദ്യാ വിദഗ്ദ്ധർ അംഗങ്ങളുമായ ദേശീയ സമിതിയാണ് പ്രസ്തുത പുരസ്ക്കാരത്തിന് കേരളത്തെ തെരഞ്ഞെടുത്തത്.

സംസ്ഥാന ഐ ടി മേഖലയിൽ ഇതിനോടകം സംഭവിച്ചു കഴിഞ്ഞ വികസനം അവലോകനം ചെയ്താൽ തികച്ചും അർഹമായ പുരസ്ക്കാരങ്ങളാണിവ. വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് സമഗ്രമായ ഇ-ഗവേർണൻസ് സംവിധാനം നടപ്പിലാക്കി സർക്കാർ സേവനങ്ങൾ സാധാരണക്കാർക്കും വേഗത്തിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യവുമായി മുന്നോട്ടു നീങ്ങുന്ന സംസ്ഥാന ഐ ടി വകുപ്പിന് പ്രചോദനവുമാണ് ഇത്തരം അംഗീകാരങ്ങൾ.

## ഡിജിറ്റൽ സംസ്ഥാനം

100% സാക്ഷരത കൈവരിച്ചുകഴിഞ്ഞ കേരളത്തെ 100% ഡിജിറ്റൽ സംസ്ഥാനമായി ഉയർത്തുകയും ഭരണ സംവിധാനത്തിൽ സാങ്കേതിക വിദ്യയുടെ സഹായത്താൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുകയുമാണ് സർക്കാരിന്റെ ലക്ഷ്യം.